# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:12.11.2024**

### പ്രധാനവാർത്തകൾ

1. **രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മൂന്ന് ദിവസത്തെ ദാദ്ര നഗർ ഹവേലി, ദാമൻ ദിയു സന്ദർശനത്തിന് ഇന്ന് തുടക്കം.**

2. **നാളെ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും ഒരുക്കങ്ങൾ പൂർത്തിയായി. ഝാർഖണ്ഡിൽ 43 നിയമസഭാ മണ്ഡലങ്ങളിലെ വോട്ടെടുപ്പ് നാളെ.**

3. **കേരളത്തിലെ ഗ്രാമീണ മേഖലയിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ 266.8 കോടി രൂപ ഗ്രാന്റ് അനുവദിച്ചതായി കേന്ദ്ര സർക്കാർ.**

4. **സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണപ്രദേശങ്ങളിലെയും വിദ്യാഭ്യാസ മേഖലയിലെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന ശില്പശാല കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.**

5. **ഓരോ ശ്വാസവും വിലപ്പെട്ടതാണ്, ന്യുമോണിയയെ ആരംഭത്തിലെ തടുക്കാം എന്ന സന്ദേശവുമായി ഇന്ന് ലോക ന്യുമോണിയ ദിനം.**

6. **ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് ചെസ്സ് കിരീടം ഇന്ത്യയുടെ അരവിന്ദ് ചിദംബരത്തിന്.**

RNU TVPM

=======================================

**രാഷ്ട്രപതി സന്ദർശനം**

രാഷ്ട്രപതി ദ്രൗപതി മുർമു മൂന്ന് ദിവസത്തെ ദാദ്ര ആൻഡ് നഗർ ഹവേലി ദാമൻ ദിയു സന്ദർശനത്തിനായി ഇന്ന് ദാമനിലെത്തും. ജാംപൂരിലെ പക്ഷി സങ്കേതം, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ദാമനിലെ NIFT കാമ്പസ് എന്നിവിടങ്ങളിൽ രാഷ്ട്രപതി ഇന്ന് സന്ദർശനം നടത്തും. നാളെ സിൽവാസയിലെ നമോ മെഡിക്കൽ എജ്യുക്കേഷൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ശ്രീമതി മുർമു സന്ദർശിക്കും. സന്ദർശന വേളയിൽ രാഷ്ട്രപതി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുമായും അധ്യാപകരുമായും സംവദിക്കും. ദിയുവിലെ ഐഎൻഎസ് ഖുക്രി നാവിക സേന സ്മാരകവും അവർ സന്ദർശിക്കും.

=======================================

**ഉപരാഷ്ട്രപതി –പഞ്ചാബ് സന്ദർശനം**

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പഞ്ചാബ് സന്ദർശനത്തിന്റെ ഭാഗമായി ഇന്ന് ലുധിയാനയിലെ പഞ്ചാബ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥിയാകും: **'കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഊർജ്ജ പരിവർത്തനത്തിന്റെയും പശ്ചാത്തലത്തിൽ ഭക്ഷ്യോൽപ്പാദന സമ്പ്രദായങ്ങളിലെ മാറ്റം'** എന്ന വിഷയത്തിലാണ് സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്. അതിന് ശേഷം സാറ്റ് പോൾ മിത്തൽ ദേശീയ അവാർഡ് ദാന ചടങ്ങിൽ പങ്കെടുക്കുന്ന അദ്ദേഹം സ്കൂൾ വിദ്യാർത്ഥികളുമായും അധ്യാപകരുമായും സംവദിക്കും.

=======================================

PNU TVPM

**ഝാർഖണ്ഡ് തിരഞ്ഞെടുപ്പ്**

നാളെ ആദ്യഘട്ട വോട്ടെടുപ്പ് നടക്കുന്ന ഝാർഖണ്ഡിലെ 43 മണ്ഡലങ്ങളിലെ പോളിങ് സ്റ്റേഷനുകളിൽ ഒരുക്കങ്ങൾ പൂർത്തിയായി. സംസ്ഥാനത്തൊട്ടാകെ **15,344** പോളിങ് ബൂത്തുകളിൽ നാളെ പോളിങ് നടക്കും. **225** പ്രശ്നബാധിത ബൂത്തുകളും ഉണ്ട്. പ്രശ്നരഹിതമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കാൻ ഇരുനൂറിലധികം കമ്പനി സുരക്ഷാ സേനയെ അതത് പ്രദേശങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. **73** വനിതകൾ ഉൾപ്പെടെ 683 സ്ഥാനാർഥികളാണ് മത്സരരംഗത്തുള്ളത്. രണ്ടാം ഘട്ടത്തിൽ 38 മണ്ഡലങ്ങളിലേക്ക് ഈ മാസം 20-ന് വോട്ടെടുപ്പ് നടക്കും.

======================================

**മഹാരാഷ്ട്ര തിരഞ്ഞെടുപ്പ്**

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിൽ പ്രചാരണം ഉച്ചസ്ഥായിയിൽ. ബിജെപിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് വിവിധ തിരഞ്ഞെടുപ്പ് റാലികൾ അഭിസംബോധന ചെയ്യും. കേന്ദ്രമന്ത്രിമാരും പാർട്ടി നേതാക്കളുമായ അമിത് ഷാ, നിതിൻ ഗഡ്കരി തുടങ്ങിയവരും പ്രചാരണ രംഗത്തുണ്ട്. മഹാ വികാസ് അഘാഡി സ്ഥാനാർത്ഥികളുടെ പ്രചരണാർത്ഥം കോൺഗ്രസ് നേതാവും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി ഇന്ന് തിരഞ്ഞെടുപ്പ് പരിപാടികളിൽ സംസാരിക്കും. എൻസിപി (എസ്.പി) നേതാവ് ശരദ് പവാർ, ശിവസേന (UBT) വിഭാഗം നേതാവ് ആദിത്യ താക്കറെ എന്നിവരും വിവിധ റാലികളിൽ പങ്കെടുക്കുന്നുണ്ട്.

======================================

RNU TVPM

**വയനാട്, ചേലക്കര**

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ഇന്ന് നിശബ്ദ പ്രചാരണം. നാളെയാണ് വോട്ടെടുപ്പ്. മണ്ഡലങ്ങളിൽ പോളിങ് സാമഗ്രികളുടെ വിതരണം രാവിലെ ആരംഭിച്ചു. ഉപതെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ വയനാട് ജില്ലയിലെയും കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയോജക മണ്ഡലം പരിധിയിലെയും എല്ലാ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

==================================================

**ചേലക്കര – വോട്ടെടുപ്പ് സാമഗ്രികൾ**

ചേലക്കര മണ്ഡലത്തിലെ വോട്ടെടുപ്പ് സാമഗ്രികളുടെ വിതരണം രാവിലെ ചെറുതുരുത്തി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ആരംഭിച്ചു. വിപുലമായ സുരക്ഷയാണ് വിതരണ കേന്ദ്രത്തിൽ ഒരുക്കിയിട്ടുള്ളത്. ചേലക്കര നിയോജക മണ്ഡലത്തിലെ 180 ബൂത്തുകളിലേക്കുള്ള ഇലക്ഷൻ സാമഗ്രികളാണ് വിതരണം ചെയ്യുന്നത്. നാളെ മണ്ഡലത്തിലെ എല്ലാ സർക്കാർ/ അർധ സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വേതനത്തോടെയുള്ള പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

==================================================

**പാലക്കാട് പ്രചാരണം**

ഈ മാസം 20-ന് വോട്ടെടുപ്പ് നടക്കുന്ന പാലക്കാട് മണ്ഡലത്തിൽ പ്രചാരണം ഊർജ്ജിതമായി തുടരുന്നു. NDA സ്ഥാനാർഥി സി. കൃഷ്ണകുമാറിന്റെ പ്രചരണാർത്ഥം വൈകുന്നേരം നടക്കുന്ന പൊതുസമ്മേളനം യുവമോർച്ച ദേശീയ അധ്യക്ഷൻ തേജസി

PNU TVPM

സൂര്യ എം.പി ഉദ്ഘാടനം ചെയ്യും. LDF സ്ഥാനാർഥി പി. സരിൻ ഇന്ന് മാത്തൂർ പിരായിരി പഞ്ചായത്തുകളിലാണ് പ്രചാരണം നടത്തുന്നത്. UDF സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ പ്രചാരണ പരിപാടികളിൽ ഇന്ന് സംസ്ഥാന നേതാക്കൾ പങ്കെടുക്കും.

================================================

**സംസ്ഥാനം – ധനകാര്യ കമ്മീഷൻ**

കേരളത്തിലെ ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങൾക്ക് **266.8 കോടി** രൂപയും മേഘാലയക്ക് 27 കോടി രൂപയും 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചതായി കേന്ദ്ര സർക്കാർ അറിയിച്ചു. കേരളത്തിൽ ഗ്രാന്റിന്റെ രണ്ടാം ഗഡുവാണ് അനുവദിച്ചത്. സംസ്ഥാനത്തെ 14 ജില്ലാ പഞ്ചായത്തുകൾക്കും 152 ബ്ലോക്ക് പഞ്ചായത്തുകൾക്കും 941 ഗ്രാമപഞ്ചായത്തുകൾക്കും ഉൾപ്പടെ ഇതിന്റെ പ്രയോജനം ലഭിക്കും.

PIU TVPM

================================================

**ധർമേന്ദ്ര പ്രധാൻ-ശിൽപശാല**

ന്യൂഡൽഹിയിൽ നടക്കുന്ന രണ്ട് ദിവസത്തെ ദേശീയ വിദ്യ ഭ്യാസ ശിൽപ്പശാല കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ ഇന്ന് ഉദ്ഘാടനം ചെയ്യും. ഉന്നത വിദ്യാഭ്യാസ മേഖല, സാങ്കേതിക വിദ്യാഭ്യാസ മേഖല, ദേശീയ വിദ്യാഭ്യാസ നയം ഫലപ്രദവും സുഗമവുമായ നടപ്പിലാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും ഉന്നത ഉദ്യോഗസ്ഥർ ശില്പശാലയിൽ ചർച്ചകൾ നടത്തും. രണ്ട് ദിവസത്തെ ശിൽപശാലയിൽ, ദേശീയ വിദ്യാഭ്യാസ നയം (NEP) 2020 നടപ്പാക്കൽ-വെല്ലുവിളികളും റോഡ്മാപ്പും എന്ന വിഷയത്തിലും, വിദ്യാഭ്യാസ മേഖലയിൽ സാങ്കേതികവിദ്യ;

സഹകരണം; ഡിജിറ്റൽ സംവിധാനം; ശേഷി വർദ്ധിപ്പിക്കൽ, ധനസഹായം തുടങ്ങിയ വിഷയങ്ങളിലും നിരവധി സെഷനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

==============================================

**എൻഫോഴ്സ് മെന്റ് റെയ്ഡ്**

ഝാർഖണ്ഡിലെയും പശ്ചിമ ബംഗാളിലെയും ഒരു ഡസനിലധികം സ്ഥലങ്ങളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് റെയ്ഡ് തുടരുന്നു. ബംഗ്ലാദേശ് നുഴഞ്ഞുകയറ്റവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിലാണ് അന്വേഷണം.

==============================================

**പണം പിടികൂടി**

ചേലക്കര മണ്ഡലത്തിന്റെ അതിർത്തിയായ ചെറുതുരുത്തിയിൽ നിന്ന് വാഹനത്തിൽ കടത്തുകയായിരുന്ന 25 ലക്ഷം രൂപ പിടികൂടി. പണത്തിന്റെ ഉറവിടം സംബന്ധിച്ച് തിരഞ്ഞെടുപ്പ് സ്ക്വാഡ് അന്വേഷണം ആരംഭിച്ചു.

==============================================

**ലോക ന്യുമോണിയ ദിനം – (ഇൻട്രോ)**

ഇന്ന് ലോക ന്യുമോണിയ ദിനം. ശ്വാസകോശത്തിന്റെ വായു അറകളിൽ രോഗാണുക്കൾ പെരുകി അണുബാധയുണ്ടാക്കുന്ന അവസ്ഥയാണ് ന്യുമോണിയ. ബാക്ടീരിയ, വൈറസ്, ഫംഗസ് എന്നിവ രോഗബാധയ്ക്ക് കാരണമാകാറുണ്ട്. " **ഓരോ ശ്വാസവും വിലപ്പെട്ടതാണ് : ന്യുമോണിയയെ ആരംഭത്തിലെ തടുക്കാം** " എന്നതാണ് ഇത്തവണത്തെ ദിനാചരണ സന്ദേശം. ന്യുമോണിയക്കെതിരെ ഒരുമിച്ചു നിൽക്കണമെന്നും ലക്ഷണങ്ങളുണ്ടായാൽ ഡോക്ടറുടെ നിർദ്ദേശം അനുസരിച്ച് ചികിത്സ തേടണമെന്നും **കൊല്ലം ജില്ലാ ആശുപത്രിയിലെ ശ്വാസകോശരോഗ വിദഗ്ദ്ധ ഡോ. വിനീതാ നായർ, ആകാശവാണി വാർത്തകളോട് പറഞ്ഞു...**

RNU TVPM

(വോയിസ്.................... )

==========================================

**റെയിൽവെ**

ദക്ഷിണ-മധ്യ റെയിൽവേ ശൃംഖലയിൽ, കഴിഞ്ഞ മാസം ഒന്ന് മുതൽ ഈ മാസം 10 വരെ ഉത്സവ സീസണിൽ മൂന്ന് കോടിയോളം യാത്രക്കാർ യാത്ര ചെയ്തതായി റെയിൽവേ അറിയിച്ചു. യാത്രക്കാരുടെ തിരക്ക് ഒഴിവാക്കുന്നതിനായി ഈ ശൃംഖലയിൽ 860 പ്രത്യേക ട്രെയിൻ സർവീസുകൾ നടത്തി. തിരക്ക് കണക്കിലെടുത്ത് സ്റ്റേഷനുകളിൽ അധിക ടിക്കറ്റ് കൗണ്ടറുകൾ, വിപുലമായ സിസിടിവി സൗകര്യം എന്നിവ ഉൾപ്പെടെ ഏർപ്പെടുത്തിയിട്ടുണ്ട്.

==========================================

**ചെസ്**

ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് ചെസ്സ് കിരീടം ഇന്ത്യയുടെ ഗ്രാൻഡ് മാസ്റ്റർ അരവിന്ദ് ചിദംബരം നേടി. അമേരിക്കൻ താരം ജി.എം ലെവോൺ ആരോണിയനെതിരായ വാശിയേറിയ ഫൈനൽ പോരാട്ടത്തിന് ശേഷമാണ് അരവിന്ദ് വിജയം സ്വന്തമാക്കിയത്. ഇന്ത്യയുടെ വി പ്രണവ് ചലഞ്ചേഴ്സ് കിരീടവും കരസ്ഥമാക്കി.

RNU TVPM

==========================================

**കണ്ണൂർ, പന്നിപ്പനി - (ഇൻട്രോ)**

കണ്ണൂർ കൊട്ടിയൂർ നെല്ലിയോടിയിലെ സ്വകാര്യവ്യക്തിയുടെ ഫാമിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചതിനെ തുടർന്ന് മേഖലയിലെ ഫാമുകളിലെ പന്നികളെ കൊന്നൊടുക്കാൻ ജില്ലാ കളക്ടർ ഉത്തരവിട്ടു. ദുരന്ത നിവാരണ നിയമ പ്രകാരമാണ് ഉത്തരവ് നൽകിയിരിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി**
**കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**
**(വോയിസ്.................)**

========================================

**ക്ഷേത്രദർശനം നടത്തി**

ക്ഷേത്രപ്രവേശന വിളംബര ദിനാഘോഷത്തിന്റെ ഭാഗമായി രാവിലെ BJP മുൻ സംസ്ഥാന പ്രസിഡന്റും, ഹിന്ദു മിഷൻ പ്രസിഡന്റും ആയ K. രാമൻപിള്ളയുടെ നേതൃത്വത്തിൽ പദ്മനാഭസ്വാമി ക്ഷേത്ര ദർശനം നടത്തി.

========================================

**രേവതി പട്ടത്താനം, കോഴിക്കോട് – (ഇൻട്രോ)**

കോഴിക്കോട് തളി മഹാക്ഷേത്രത്തിലെ ചരിത്ര പ്രസിദ്ധമായ രേവതി പട്ടത്താനം നാളെ നടക്കും. പുരാതന കാലം മുതൽ കോഴിക്കോട്ട് നടക്കുന്ന പണ്ഡിതന്മാരുടെ വാർഷികസമ്മേളനമാണ് ഇത്. സാമൂതിരി ഗുരുവായൂരപ്പൻ ഹാളിൽ സംഘടിപ്പിച്ചിരിക്കുന്ന പട്ടത്താനസദസ്സിൽ പ്രഭാഷണങ്ങളും പുരസ്കാര ദാനവും നടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു......**
**(വോയിസ്............)**

========================================

**സംസ്ഥാനം – കാലാവസ്ഥ**

സംസ്ഥാനത്ത് അടുത്ത മൂന്ന് ദിവസം കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

===========

========================================

RNU TVPM